എൻ.എം.(എ)3/34358/2016/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്റുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 24.06.2016

പൊതുവിദ്യാഭ്യാസ ഡയറക്ടർ

വിദ്യാഭ്യാസ ഉപഡയറക്ടർമാർ

സർ,

വിഷയം:-പൊതുവിദ്യാഭ്യാസം - ഉച്ചഭക്ഷണപദ്ധതി - *സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായുള്ള കണ്ടിജന്റ് ചാർജ്ജ് വിതരണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ.*

സൂചന:- 1. 2016-2017 ലെ ബഡ്ജറ്റ് വിഹിതം
2. സർക്കാർ ഉത്തരവ് (സാധാ) നം.2814/12/പൊ.വി തീയതി 16.06.2012
3. പൊതുവിദ്യഭ്യാസ ഡയറക്ടറുടെ 31/05/2016 തീയതിയിലെ എൻഎം(എ)3/34358/2016/ഡിപിഐ നമ്പർ നടപടി ഉത്തരവ്.

സൂചന ഉത്തരവുകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി അരിയൊഴികെയുള്ള ചെലവുകൾക്ക് 2016-17 അദ്ധ്യയന വർഷത്തെ ആദ്യത്തെ 3 മാസത്തേക്കുള്ള (ജൂൺ, ജൂലൈ, ആഗസ്റ്റ്) കണ്ടിജന്റ് ചാർജ്ജ് തുക സൂചന (3) പ്രകാരം പ്രഥമാദ്ധ്യാപകർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവായിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകൾ സ്കൂൾ പ്രഥമാദ്ധ്യാപകരുടെ നൂൺമീൽ അക്കൗണ്ടിലേക്ക് ഇ-ട്രാൻസ്ഫർ മുഖേന ലഭ്യമാകുന്നതാണ്.

2016 ജൂൺ 1 മുതലുള്ള സ്കൂൾ പാചക തൊഴിലാളികളുടെ വേതനം പ്രത്യേകമായി നൽകുന്നതായിരിക്കും. ആയതിനാൽ കണ്ടിജന്റ് തുകയിൽ നിന്നും പാചക തൊഴിലാളികൾക്കുള്ള വേതനം പ്രഥമാദ്ധ്യാപകർ നൽകേണ്ടതില്ല. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള കണ്ടിജന്റുമായി ബന്ധപ്പെട്ട തുകയുടെ ചെലവ് സംബന്ധിച്ച വിവരം ബന്ധപ്പെട്ട സ്കൂളുകളിൽ നിന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർമാർ ആഗസ്റ്റ് 10 ന് മുമ്പായി ഈ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

വി.കെ.ശ്യാമ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ)
(ഇൻ ചാർജ്ജ്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി